**പതിമൂന്നാം കേരളനിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ 1092** — **04/12/2014 ലെ മറുപടിക്ക്**

## അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ വേതനം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. ജെയിംസ് മാത്യു** | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) അൺ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ വേതനം സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;<br><br>(ബി) പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി മേഖലയിൽ അദ്ധ്യാപകരുടെ പ്രതിമാസ വേതനം എത്രയായാണ് നിജപ്പെടുത്തിയിട്ടുള്ളത്; | (എ) യും (ബി) യും | 14-02-11 ലെ സ.ഉ(എം.എസ്) നം. 36/11/ പൊ.വിവ പ്രകാരം അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ വിദ്യാലയങ്ങളിലെ അദ്ധ്യാപക അനദ്ധ്യാപകർക്ക് നൽകേണ്ട ശമ്പളം സംബന്ധിച്ച് സ്കൂളുകൾക്ക് എൻ.ഒ.സി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് നല്കിയ സ.ഉ.(എം.എസ്) നം. 202/11/ പൊ.വിവ തീയതി 07/10/11 ഉത്തരവിൽ പ്രത്യേക വ്യവസ്ഥകൾ നിഷ്കർഷിച്ചിരുന്നു. അതനുസരിച്ച് സർക്കാർ സ്കൂളുകളിലെ ശമ്പള സ്കെയിൽ അവർക്ക് അനുവദിക്കേണ്ടതാണ്. എന്നാൽ WA No. 1042/12-ന്റെ 14/09/12-ലെ വിധിപ്രകാരം ശമ്പളം നിർണ്ണയിക്കാൻ സി.ബി.എസ്.ഇ ക്ക് ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. സി.ബി.എസ്.ഇ ശമ്പളം നിശ്ചയിക്കുന്നതു വരെ ടി സ്കൂളുകളിലെ പ്രൈമറി/മിഡിൽ വിഭാഗത്തിലെ അധ്യാപകർക്ക് 10,000/- രൂപയും സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് 15000/- രൂപയും സീനിയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് 20,000/- രൂപയും അനദ്ധ്യാപകർ, ക്ലറിക്കൽ സ്റ്റാഫിന് 6,000/- രൂപയും ക്ലാസ് 4 ജീവനക്കാർക്ക് 4500/- രൂപയും നൽകണമെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ട്. |

(സി) സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനം സ്കൂൾ മാനേജ്മെന്റുകൾ നൽകുന്നുണ്ടോ; വേതനം ലഭിക്കാത്ത സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇതിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

(സി) ജി.ഒ(എം.എസ്)നം. 202/2011/G.Edn. Dated: 07-10-2011 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ഗവൺമെന്റ് റേറ്റിലുള്ള ശമ്പളവും അലവൻസുകളും നൽകുമെന്ന് സ്കൂൾ അധികാരികൾ സർക്കാരുമായി എഗ്രിമെന്റ് വച്ചതിനുശേഷമാണ് CBSE/ICSE അഫിലിയേഷനുവേണ്ടിയുള്ള NOC നൽകുന്നത്. അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനം ലഭിക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ മാനേജ്മെന്റ് പ്രതിനിധികളുടെയും അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപക സംഘടനാ പ്രതിനിധികളുടേയും പങ്കാളിത്തമുള്ള ഒരു സ്റ്റേറ്റ് ലെവൽ കമ്മിറ്റി രൂപീകരിക്കുകയും പരാതികൾ പരിശോധിക്കുകയും നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ ഇത്തരം പരാതികളിന്മേൽ അന്വേഷണം നടത്താനും റിപ്പോർട്ട് സമർപ്പിക്കുവാനും എല്ലാ വിദ്യാഭ്യാസ ഉദ്യോഗസ്ഥരെയും ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ